## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.659. 13.06. 2012-ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളുടെ നിലവാരം ഉയർത്തുന്നതിന് നടപടികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികളെ ദേശീയ പൊതുജനാരോഗ്യ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) | ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ എൻ.എ.ബി.എച്ച്. അംഗീകാരത്തിനായി കേരളത്തിലെ 14 പ്രമുഖ ആശുപത്രികളെ തെരഞ്ഞെടുക്കുകയും അക്രഡിറ്റേഷന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ എറണാകുളം ജനറൽ ആശുപത്രിക്ക് അംഗീകാരം ലഭിക്കുകയും, ചേർത്തല താലൂക്ക് ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി തിരുവനന്തപുരം, കോഴിക്കോട് ആശുപത്രി എന്നിവ അംഗീകാരത്തിന്റെ അന്ത്യഘട്ടത്തിലാണ്. കൂടാതെ കേരളത്തിലെ തെരെഞ്ഞെടുക്കപ്പെട്ട സാമൂഹ്യാരോഗ്യ കേന്ദ്രം മുതൽ ആശുപത്രികളുടെ ലാബുകളുടെ ഗുണനിലവാരം കൂട്ടുന്നതിനുള്ള സർട്ടിഫിക്കേഷൻ നടത്തിയിട്ടുണ്ട്. കേരളത്തിലെ 160 ഓളം ലാബുകൾക്ക് ഈ അംഗീകാരം ലഭിക്കുകയുണ്ടായി. കൂടാതെ കേരളത്തിലെ സർക്കാർ ആശുപത്രികളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് എന്ന ഒരു പരിപാടി എൻ.ആർ.എച്ച്.എം. മുഖേന ആരംഭിച്ചിട്ടുണ്ട്. ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതിയുടെ നിരവധി സർക്കാർ ആശുപത്രികളുടെ നിർമ്മാണ നവീകരണ പ്രവർത്തികൾ നടത്തി വരുന്നു.<br>കൂടാതെ ദേശീയതലത്തിലേക്ക് ഉയർത്തുന്നതിനായി പ്രധാനമന്ത്രിയുടെ PMSSY പദ്ധതി പ്രകാരം 100 കോടി രൂപ തിരുവനന്തപുരം മെഡിക്കൽ കോളേജിന് ലഭിച്ചിട്ടുള്ളതാണ്. കോഴിക്കോട് മെഡിക്കൽ കോളേജിന് 125 കോടി രൂപ ലഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| (ബി) | ഇതിന്റെ ഫലമായി പുതുതായി ഏതെങ്കിലും ആശുപത്രികളുടെ പദവി ഉയർത്തിയിട്ടുണ്ടോ. ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കാമോ? | | എറണാകുളം ജനറൽ ആശുപത്രിക്ക് എൻ. എ. ബി. എച്ച്. അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. |

B V K Menon

സെക്ഷൻ ഓഫീസർ